5

നവംബർ 2020

വ്യാഴം

1196 തുലാം 20 1442 റ. അവ്വൽ 19

# കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 212 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

## 26 മണിക്കൂർ ഇ.ഡി റെയ്ഡ്

### ബിനീഷിന്റെ വീടിനു മുന്നിൽ നാടകീയ രംഗങ്ങൾ

# മുഖ്യമന്ത്രിയും കോടിയേരിയും കൂടിക്കാഴ്ച നടത്തി

ബിനീഷ് കോടിയേരിയുടെ കുടുംബം മാധ്യമങ്ങളോട് സംസാരിക്കുന്നു.

തിരു: ബംഗ്ളൂരു മയക്കു മരുന്നു കേസിലെ ഹവാല ഇടപാടുമായി ബന്ധപ്പെട്ട് സിപി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ മകൻ ബിനീഷ് കോടിയേരിയുടെ തിരുവനന്തപുരത്തെ വീട്ടിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) നടത്തിയ റെയ്ഡ് നാടകീയ രംഗങ്ങളോടെ അവസാനിപ്പിച്ചു. ഇന്നലെ രാവിലെ ആരംഭിച്ച റെയ്ഡ് 26 മണിക്കൂർ നീണ്ടുനിന്നുറെയ്ഡിൽ കേസിലെ പ്രതികളിൽ ഒരാളായ അനൂപ് മുഹമ്മദിന്റെ ബാങ്ക് കാർഡ് കണ്ടെടുത്തതായി അന്വേഷണ വൃത്തങ്ങൾ സൂചിപ്പിച്ചു. എന്നാൽ ഇത്തരമൊരു കാർഡ് വീട്ടിൽ നിന്നു കണ്ടെടുത്തതല്ലെന്നും ഉദ്യോഗസ്ഥർ കൊണ്ടുവച്ചതാണെന്നും ചൂണ്ടിക്കാട്ടി മഹസ്സറിൽ ഒപ്പിടാൻ ബിനീഷിന്റെ ഭാര്യ വിസമ്മതിച്ചു. റെയ്ഡ് നടക്കുന്ന സമയത്ത് ഭാര്യയും കുഞ്ഞും ഭാര്യാമാതാവും മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. ഇവർക്ക് ബന്ധുക്കളുമായോ, അഭിഭാഷകരുമായോ ബന്ധപ്പെടാൻ കഴിഞ്ഞിരുന്നില്ല. സിആർപിഎഫ് കാവലിൽ നടന്ന റെയ്ഡ് ഇന്നു രാവിലെവരെ പൂർത്തിയാകാത്ത സാഹചര്യത്തിൽ ബിനീഷിന്റെ ബന്ധുക്കൾ ഇന്നു രാവിലെ സ്ഥലത്തെത്തി. എന്നാൽ ഇവരെ വീട്ടിലേക്ക് കയറാൻ സിആർപി. എഫ് അനുവദിച്ചില്ല. കാണാതെ പോകില്ലെന്നു ബന്ധുക്കൾ വാശിപിടിച്ചതോടെ സ്ഥലത്തു നാടകീയ രംഗങ്ങൾക്കു കാരണമായി. പൂജപ്പുര പൊലീസും സ്ഥലത്ത് എത്തിയെങ്കിലും ബന്ധുക്കൾ നിലപാടിൽ ഉറച്ചു നിന്നു. വീട്ടിനകത്തുള്ള ബിനീഷിന്റെ ഭാര്യയും കുഞ്ഞും കടുത്ത മാനസിക പീഡനം അനുഭവിക്കുകയാണെന്നും ബന്ദിയാക്കി വച്ചിരിക്കുന്നതായും കാണിച്ച് ബന്ധുക്കൾ പൊലീസിൽ പരാതി നൽകി. കുഞ്ഞിനെ മാനസികമായി പീഡിപ്പിക്കുന്നുവെന്ന ആക്ഷേപങ്ങളെ തുടർന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗങ്ങളും സ്ഥലത്തെത്തി. ഇവർ നിർബന്ധിച്ചതിനു ശേഷമാണ് ബിനീഷിന്റെ ഭാര്യയും കുഞ്ഞും വീടിനു പുറത്തു വന്ന് ബന്ധുക്കളോടും കമ്മീഷൻ അംഗങ്ങളോടും സംസാരിച്ചത്. കടുത്ത മാനസിക സംഘർഷത്തിലാണെന്നും മഹസറിൽ ഒപ്പിടാൻ നിർബന്ധിക്കുകയായിരുന്നുവെന്നും ബിനീഷിന്റെ ഭാര്യ പരാതിപ്പെട്ടു. ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കുമെന്നു കമ്മീഷൻ വ്യക്തമാക്കി. ഈ സംഭവങ്ങൾ കഴിഞ്ഞ് ഏറെ നേരം കഴിഞ്ഞാണ് ഇഡി സംഘം റെയ്ഡ് പൂർത്തിയാക്കി മടങ്ങിയത്. മടക്കയാത്രയ്ക്കിടയിൽ പൊലീസ് സംഘം ഇ. ഡി ഉദ്യോഗസ്ഥർ സഞ്ചരിച്ചിരുന്ന കാർ തടഞ്ഞു നിർത്തി കാര്യങ്ങൾ ആരാഞ്ഞു. ബന്ധുക്കൾ നൽകിയ പരാതിയിലെ കാര്യങ്ങൾ സംബന്ധിച്ചാണ് കാര്യങ്ങൾ ചോദിച്ചത്.

അതേസമയം റെയ്ഡിന്റെ പശ്ചാത്തലത്തിൽ സി. പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും മുഖ്യമന്ത്രിപിണറായി വിജയനും തമ്മിൽകൂടിക്കാഴ്ച നടത്തി. ഇന്നു രാവിലെ എകെജി സെന്ററിലായിരുന്നു കൂടിക്കാഴ്ച. പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയേറ്റ് നാളെ നടക്കുന്ന പശ്ചാത്തലത്തിലായിരുന്നു കൂടിക്കാഴ്ച

## കോവിഡ്: പാടലടുക്കയിൽ വൃദ്ധൻ മരിച്ചു

കന്യപ്പാടി: നീർച്ചാർ കന്യപ്പാടി പാടലടുക്കയിൽ കോവിഡ് ബാധിച്ച് 75 കാരൻ മരിച്ചു. പാടലടുക്ക, എയ്മനത്തിൽ എ.എം. ജോസ് (75)ആണ് ഇന്നു പുലർച്ചെ വീട്ടിൽ മരിച്ചത്. 12 ദിവസം മുമ്പു കോവിഡ് ബാധിച്ചിരുന്നു. ഉക്കിനടുക്ക മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചെങ്കിലും നാലു ദിവസം മുമ്പു വീട്ടിലെത്തിക്കുകയായിരുന്നെന്നു ബന്ധുക്കൾ പറഞ്ഞു.

ഭാര്യ: പരേതയായ മറിയക്കുട്ടി. മക്കൾ: ജയ്സൺ, ജസിൻ. മരുമക്കൾ: ബിൻസി, കൃസ്റ്റ. സഹോദരി തെയ്യമ്മ, കോട്ടയം പാല സ്വദേശികളായ ഇവർ ഏഴുവർഷം മുമ്പാണ് പാടലടുക്കയിൽ എത്തിയത്.

## സ്റ്റുഡിയോ ജീവനക്കാരൻ കുഴഞ്ഞു വീണു മരിച്ചു

സീതാംഗോളി: സ്റ്റുഡിയോ ജീവനക്കാരൻ കുഴഞ്ഞു വീണു മരിച്ചു. ബേള ചൗക്കാറുഗുത്തുവിലെ നാരായണറൈയുടെ മകൻ പ്രദീപ് റൈ (38) യാണ് ഇന്നലെ വീട്ടിൽ കുഴഞ്ഞു വീണു മരിച്ചത്. ബന്ധുക്കൾ ആശുപത്രിയിലെത്തിച്ചെങ്കിലും മരണപ്പെടുകയായിരുന്നു. കാസർകോട് കോട്ടക്കണ്ണി യിലെ ഒരു സ്റ്റുഡിയോ ജീവനക്കാരനാണ്. മാതാവ്: കമല റൈ. സഹോദരങ്ങൾ: ജയദീപ്, മുരളിറൈ, ലക്ഷ്മി. അഞ്ചു വർഷമായി ഹൃദ്രോഗത്തിനു ചികിത്സയിലായിരുന്നു.

## അന്തുക്ക

## ജ്വല്ലറി നിക്ഷേപ തട്ടിപ്പ്: വീണ്ടും പരാതി പ്രവാഹം; എം എൽ എയ്ക്കെതിരെ കാസർകോട്ട് അഞ്ചും ചന്തേരയിൽ മൂന്നും കേസുകൾ കൂടി

കാസർകോട്: ഫാഷൻ ഗോൾഡ് ജ്വല്ലറി നിക്ഷേപ തട്ടിപ്പിൽ മഞ്ചേശ്വരം എം എൽ എ എം സി ഖമറുദ്ദീനും മുസ്ലീം ലീഗ് ജില്ലാ പ്രവർത്തക സമിതി അംഗവും ടി കെ പൂക്കോയ തങ്ങൾക്കും എതിരെ കാസർകോട്ട് പൊലീസ് അഞ്ചു കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. ജ്വല്ലറി തട്ടിപ്പു സംഭവത്തിൽ പ്രത്യേക അന്വേഷണ സംഘം അന്വേഷണം ഊർജ്ജിതമാക്കുകയും കമ്പനി രേഖകൾ കസ്റ്റഡിയിലെടുക്കുകയും ചെയ്തതിനു പിന്നാലെയാണ് പുതിയ കേസുകൾ രജിസ്റ്റർ ചെയ്തത്.2017 ആഗസ്ത് നാലിനു നിക്ഷേപമായി 800 ഗ്രാം സ്വർണ്ണം നൽകിയെന്നു കാണിച്ച് കള്ളാറിലെ അബ്ദുൾ നാസർ നൽകിയ പരാതിയിലാണ് ഒരു കേസ്.കള്ളാറിലെ അബ്ദുൽ സലാം(50ലക്ഷം രൂപ), ബളാൽ, കല്ലഞ്ചിറയിലെ ഫാത്തിമാ ബീവി (20 ലക്ഷം), കാഞ്ഞങ്ങാട്, ഒഴിഞ്ഞ വളപ്പിലെ ഫൗസിയ അബ്ദുള്ള (141 ഗ്രാം സ്വർണ്ണം), കള്ളാറിലെ അബ്ദുൾ നാസർ (400ഗ്രാം സ്വർണ്ണം) എന്നിവർ നൽകിയ പരാതികളിലാണ് മറ്റു നാലു കേസുകൾ രജിസ്റ്റർ ചെയ്തത്.

എം എൽ എയ്ക്കും ടി കെ പൂക്കോയ തങ്ങൾക്കും എതിരെ ഇന്നലെ കാസർകോട്, പയ്യന്നൂർ പൊലീസും കേസെടുത്തിരുന്നു.തൃക്കരിപ്പൂർ, പൂച്ചോലിലെ എം ടി പി അബ്ദുൾ റഹ്മാൻ (10ലക്ഷം), കാടങ്കോട്ടെ റുബീന (5ലക്ഷം), പറമ്പത്ത് യൂസഫ് (12 ലക്ഷം) എന്നിവരുടെ പരാതിയിലാണ് ഇരുവർക്കും എതിരെ ചന്തേര പൊലീസ് കേസെടുത്തത്.

ഷിറിയയിൽ അപകടത്തിൽപ്പെട്ട ബോട്ട്

## നവവധുവിനെ കാണാതായി

കാഞ്ഞങ്ങാട്: സുഹൃത്തിന്റെ കല്യാണത്തിനാണെന്നു പറഞ്ഞു പോയ നവവധുവിനെ കാണാതായതായി പരാതി. കൊട്ടോടി, ഒരളത്തെ ഷൈമ (22)യെയാണ് കാണാതായത്. സഹോദരന്റെ പരാതിയിന്മേൽ രാജപുരം പൊലീസ് കേസെടുത്തു.ആറു മാസം മുമ്പാണ് ഷൈമയും കുണ്ടംകുഴി സ്വദേശിയായ യുവാവുമായി വിവാഹം കഴിഞ്ഞത്. സുഹൃത്തിന്റെ കല്യാണത്തിനു പോകാനായി ഭർത്താവിനൊപ്പം മാവുങ്കാലിൽ എത്തിയതായിരുന്നു. അതിനു ശേഷം ഭർത്താവ് തിരികെ പോയി. വൈകുന്നേരമായിട്ടും സ്വന്തം വീട്ടിലോ ഭർത്താവിന്റെ വീട്ടിലോ എത്താത്തതിനെ തുടർന്നാണ് പൊലീസിൽ പരാതി നൽകിയത്.

## പ്രസവ ശസ്ത്രക്രിയയ്ക്ക് വിധേയയായ യുവതി മരിച്ചു

കാഞ്ഞങ്ങാട്: പ്രസവ ശസ്ത്രക്രിയ കഴിഞ്ഞ് അത്യാഹിത വിഭാഗത്തിൽ കഴിഞ്ഞിരുന്ന യുവതി മരിച്ചു. മേൽപറമ്പ്, പള്ളിപ്പുറത്തെ വയറിംഗ് തൊഴിലാളി ഗണേഷിന്റെ ഭാര്യ തൃക്കണ്ണാട്, പുതുക്കോടിയിലെ നീഷ്മ (20)യാണ് മരിച്ചത്. ഒക്ടോബർ 30ന് ആയിരുന്നു നീഷ്മയെ കന്നിപ്രസവത്തിനായി കാഞ്ഞങ്ങാട്ടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഈ മാസം ഒൻപതിനാണ് പ്രസവ തീയ്യതിയായി ഡോക്ടർ പറഞ്ഞിരുന്നത്.

ഇതിനിടയിൽ ഇന്നലെ ഉച്ച കഴിഞ്ഞ് നീഷ്മയ്ക്കു തളർച്ച ഉണ്ടാവുകയായിരുന്നുവെന്നു പറയുന്നു. തുടർന്ന് ശസ്ത്രക്രിയ നടത്തി കുഞ്ഞിനെ പുറത്തെടുത്തുവെങ്കിലും യുവതിയുടെ നില ഗുരുതരമായതിനാൽ അത്യാഹിത വിഭാഗത്തിലേയ്ക്ക് മാറ്റിയെങ്കിലും വൈകുന്നേരം ആറരമണിയോടെ മരണം സംഭവിക്കുകയായിരുന്നു. നേരത്തെ ഗൾഫിലായിരുന്ന ഗണേശനും നീഷ്മയും തമ്മിലുള്ള വിവാഹം 2019 നവംബർ മാസത്തിലായിരുന്നു. പുതുക്കോടിയിലെ ശേഖരയുടെയും ബീഡിതൊഴിലാളിയായ കുസുമത്തിന്റെയും മകളാണ്. സഹോദരൻ: നിധീഷ്(പെരിയ ഗവ. പോളി ടെക്നിക്ക് വിദ്യാർത്ഥി). മൃതദേഹം പോസ്റ്റുമോർട്ടത്തിനായി പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്കു കൊണ്ടുപോയി.

നീഷ്മ

എസ് ടി യു ഹെഡ്പോസ്റ്റോഫീസിന് മുന്നിൽ നടത്തിയ അതിജീവന സമരം എൻ എ നെല്ലിക്കുന്ന് എം എൽ എ ഉദ്ഘാടനം ചെയ്യുന്നു.

## എസ് ടി യു അതിജീവന സമരം നടത്തി

കാസർകോട്: കേന്ദ്ര സർക്കാരുകളുടെ തൊഴിലാളി-കർഷക ദ്രോഹ നടപടികളിൽ പ്രതിഷേധിച്ച് എസ് ടി യു നേതൃത്വത്തിൽ ജില്ലയിൽ 100 കേന്ദ്രങ്ങളിൽ അതിജീവന സമരം നടത്തി.

കാസർകോട് ഹെഡ് പോസ്റ്റാഫീസിനു മുന്നിൽ നടത്തിയ സമരം എൻ എ നെല്ലിക്കുന്ന് എം എൽ എ ഉദ്ഘാടനം ചെയ്തു. മൊഹ്നുദ്ധീൻ ചെമ്മനാട് ആധ്യക്ഷം വഹിച്ചു ഷെരീഫ് കൊടവഞ്ചി, സുബൈർമാര, മുത്തലിബ്, അഷ്റഫ് സംസാരിച്ചു.

## ഹോട്ടലിൽ നിന്നും പാചക വാതകം ചോർന്നു; അപകടം ഒഴിവായി

ഉപ്പള: ഹോട്ടലിൽ നിന്നും പാചക വാതകം ചോർന്നത് ഭീതി പരത്തി. നാട്ടുകാരുടെയും ഫയർഫോഴ്സിന്റെയും സമയോചിതമായ ഇടപെടൽ മൂലം അപകടം ഒഴിവായി.ഉപ്പള കൈക്കമ്പ- ബായാർ റോഡിലുള്ള വനിതാ ഹോട്ടലിൽ ഇന്നലെ രാത്രിയാണ് സംഭവം. രാത്രി ഹോട്ടൽ അടച്ചുപോയതിനു ശേഷമാണ് അകത്ത് നിന്ന് പാചകവാതകം ചോർന്ന വിവരം അറിയുന്നത്.

നാട്ടുകാർ ഉടൻ ഫയർഫോഴ്സിനെ വിവരമറിയിക്കുകയും സ്റ്റേഷൻ ഓഫീസർ എ ടി ജോർജിന്റെ നേതൃത്വത്തിൽ ഉപ്പളയിൽ നിന്നുമെത്തിയ ഫയർഫോഴ്സ് പാചക വാതക സിലിണ്ടറിലെ ചോർച്ച ഒഴിവാക്കുകയും ചെയ്തു. ഹോട്ടൽ അടച്ചു പോകുമ്പോൾ പാചക വാതക സിലിണ്ടർ ഓഫ് ചെയ്യാൻ മറന്നതാണ് ചോർച്ചക്ക് കാരണമെന്ന് പറയുന്നു.

## ഷിറിയയിൽ മത്സ്യബന്ധന ബോട്ട് അപകടത്തിൽപ്പെട്ടു

ഉപ്പള: മംഗളൂരുവിൽ നിന്നും മത്സ്യബന്ധനത്തിനെത്തിയ ബോട്ട് അപകടത്തിൽപ്പെട്ടു. തൊഴിലാളികൾ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.ഇന്നലെ അർധരാത്രി 12 മണിയോടെ ഷിറിയയിലാണ് അപകടം. മംഗ്ളൂരു ദക്കെയിൽ നിന്നാണ് മത്സ്യബന്ധനത്തിനായി തൊഴിലാളികൾ പുറപ്പെട്ടത്. എന്നാൽ ബോട്ട് ദിശ തെറ്റിയാണ് ഷിറിയയിൽ എത്തിയതെന്ന് സംശയിക്കുന്നു. ബോട്ട് കരക്കിടിച്ച് ചരിഞ്ഞ നിലയിലായിരുന്നു. ആന്ധ്ര, ഒഡീഷ, തമിഴ്നാട് സ്വദേശികളായ പത്ത് തൊഴിലാളികളാണ് ബോട്ടിൽ ഉണ്ടായിരുന്നത്. അപകട വിവരമറിഞ്ഞ് കോസ്റ്റൽ പൊലീസ് സ്ഥലത്തെത്തിയിരുന്നു. ഉള്ളാൾ സ്വദേശി ഇമ്രാന്റെ ഉടുമസ്ഥതയിലുള്ളതാണ് അപകടത്തിൽപ്പെട്ട ബോട്ട്.

## മഡ്ക്ക; 2 പേർ പിടിയിൽ

കാസർകോട്: പഴയ ബസ്സ്റ്റാന്റ് പരിസരത്ത് മഡ്ക്ക കളിക്കുകയായിരുന്ന രണ്ടു പേർ അറസ്റ്റിൽ. പാറക്കട്ടയിലെ ജയരാജ്, മുട്ടത്തൊടിയിലെ വിമൽ കുമാർ എന്നിവരെയാണ് അറസ്റ്റു ചെയ്തതെന്നു പൊലീസ് അറിയിച്ചു. കളിക്കളത്തിൽ നിന്നും 720 രൂപ പിടികൂടിയതായി കൂട്ടിച്ചേർത്തു.

## നോവലിസ്റ്റ് ടി സി വി സതീശൻ അന്തരിച്ചു

പയ്യന്നൂർ: കവിയും നോവലിസ്റ്റുമായ അന്നൂരിലെ ടി സി വി സതീശൻ (57) അന്തരിച്ചു. ഇന്ന് പുലർച്ചെ ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം.

കണ്ണൂർ, കാസർകോട് ജില്ലകളിൽ കലാ- സാംസ്ക്കാരിക രംഗത്ത് നിറ സാന്നിധ്യമായിരുന്നു. " രാത്രിമഴ പെയ്തിറങ്ങുകയാണ്", ശിവകാശി പടക്കങ്ങൾ" എന്നീ കഥാസമാഹാരവും "പെരുമാൾ പുരം" എന്ന നോവലും ഇദ്ദേഹത്തിന്റെ കൃതികളാണ്. ഈയിടെ എഴുതിയ "തൊരക്കാരത്തി" എന്ന നോവൽ ദേശാഭിമാനി വാരികയിൽ ഖണ്ഡശ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പുസ്തകമാക്കി പ്രകാശനം ചെയ്യാനുള്ള ഒരുക്കത്തിനിടയിലാണ് ആകസ്മിക മരണം സംഭവിച്ചത്. നിരവധി കവിതകളും രചിച്ചിട്ടുള്ള സതീശൻ എൽ ഐ സി ഏജന്റായി പ്രവർത്തിച്ചു വരികയായിരുന്നു.

മൂത്തമകൾ തീർത്ഥക്ക് ഒരാഴ്ചമുമ്പാണ് ബംഗളൂരുവിൽ ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രൊബേഷണറി ഓഫീസറായി ജോലി ലഭിച്ചത്. ഇതേ തുടർന്ന് ഇന്ന് വൈകുന്നേരം സതീശനും കുടുംബവും ബംഗളൂരുവിലേക്ക് പോകാനിരുന്നതായിരുന്നു. അന്നൂരിലെ എ കെ ശേഖര പൊതുവാൾ -ടി സി വി സരോജിനി അമ്മ ദമ്പതികളുടെ മകനാണ്. ഭാര്യ: ശ്രീജ. മറ്റൊരു മകൾ സ്വാതി വിദ്യാർത്ഥിനിയാണ്. സഹോദരങ്ങൾ: രതീശൻ, ഹരീഷ് (ഇരുവരും വ്യാപാരികൾ), ബേബി സുലേഖ, സുമേദ, പരേതനായ ടി സി വി സുരേഷ്. മൃതദേഹം അന്നൂർ സമുദായ ശ്മശാനത്തിൽ സംസ്ക്കരിക്കും.

## ടിപ്പർ മറിഞ്ഞു ഡ്രൈവർ മരിച്ചു

ബെള്ളൂർ: വിട്ളയിൽ ടിപ്പർ ലോറി മറിഞ്ഞു ബെള്ളൂർ സ്വദേശിയായ ഡ്രൈവർ മരിച്ചു.

വിട്ള ബൊള്ളരിക്കട്ട പാത്തടുക്കയിൽ ഇന്നലെ ഉച്ചക്കാണ് അപകടമുണ്ടായത്. ഡ്രൈവർ ബെള്ളൂർ പള്ളപ്പാടിയിലെ മുഹമ്മദ് റഫീഖ് (33) തൽക്ഷണം മരിച്ചു. ക്ലീനർ പള്ളപ്പാടിയിലെ അഷ്റഫ് (31) നിസ്സാര പരിക്കുകളോടെ രക്ഷപ്പെട്ടു. വിട്ളയിൽ നിന്നു ജല്ലി കയറ്റിക്കൊണ്ടു വരുന്നതിനിടയിൽ പാത്തടുക്കയിൽ വച്ചു ലോറിയുടെ ടയർ പൊട്ടിത്തെറിച്ചാണ് അപകടമെന്നു പറയുന്നു. തലകീഴായി മറിഞ്ഞ ലോറിക്കടിയിൽപ്പെട്ടാണ് മുഹമ്മദ് മരിച്ചത്. നാട്ടുകാർ ജെ.സി.ബി ഉപയോഗിച്ചു ലോറി ഉയർത്തി മുഹമ്മദ് റഫീഖിനെ രക്ഷിക്കാൻ ശ്രമിച്ചെങ്കിലും മരണപ്പെട്ടിരുന്നു.പള്ളപ്പാടിയിലെ മുഹമ്മദ് കുഞ്ഞി-ആസ്യമ്മ ദമ്പതികളുടെ മകനാണ്. ഖദീജയാണ് ഭാര്യ. മക്കൾ: മുഹമ്മദ് റാഫി, റാഹിൽ. സഹോദരങ്ങൾ: മുഹമ്മദ് റസാഖ്, ഹാരിസ്, റംല.

## തനതു ഫണ്ടില്ലാത്ത ബെള്ളൂരിൽ അധികാരം നിലനിറുത്താനും കൊയ്തെടുക്കാനും കച്ചകെട്ടി പാർട്ടികളും മുന്നണികളും

ബെള്ളൂർ: ബി ജെ പി ഭരിക്കുന്ന ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ അങ്കം മുറുകിക്കഴിഞ്ഞു. രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും പലേടത്തും പ്രാദേശിക നേതാക്കൾ ജനസേവനം മുട്ടി വോട്ടർമാരെ കാണാൻ തുടങ്ങി. ഭരണം നിലനിർത്താൻ ബി ജെ പിയും ഭരണം പിടിക്കാൻ ഇടതു പക്ഷവും, യു ഡി എഫും ബെള്ളൂരിൽ ചരടുവലി തുടങ്ങി.

13 അംഗ ഗ്രാമപഞ്ചായത്തിൽ ബി ജെ പി ഒരു സ്വതന്ത്രൻ അടക്കം 9 സീറ്റുകളാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ നേടിയിരുന്നത്. 1, 2, 3, 4, 5, 6, 9, 10, 12 എന്നീ വാർഡുകളിലാണ് ബി ജെ പി പ്രതിനിധികളുള്ളത്. 2-ാം വാർഡിലെ ലത പ്രസിഡണ്ടും, 6-ാം വാർഡിലെ ബി ജെ പി സ്വതന്ത്രൻ പുരുഷോത്തമൻ സി വി വൈസ് പ്രസിഡണ്ടുമാണ്. ഭരണം നിലനിർത്തുമെന്നു ബി ജെ പി നേതാക്കൾ തറപ്പിച്ചു പറയുന്നു. ഇപ്പോഴുള്ള 9 സീറ്റുകൾ ബി ജെ പിക്ക് തന്നെ ലഭിക്കുമെന്നു അവർ പ്രത്യാശ പ്രകടിപ്പിക്കുന്നുമുണ്ട്. അഞ്ചു വർഷത്തെ ഭരണ നേട്ടമാണ് അതിനവർ കാരണമായി എടുത്തുകാട്ടുന്നത്. രണ്ട് സ്വതന്ത്രർ അടക്കം 4 സീറ്റുകളുള്ള സി പി എം ആണ് ബെള്ളൂരിലെ പ്രതിപക്ഷം. ഇപ്പോഴുള്ള 4 സീറ്റുകൾ നിലനിർത്തുമെന്നു മാത്രമല്ല, പുതുതായി മൂന്നു സീറ്റുകൾ പിടിച്ചെടുക്കുമെന്നും ഭരണം തട്ടിയെടുക്കുമെന്നും അവർ പറയുന്നു. ബി ജെ പി ഭരണത്തിലുണ്ടായ പാളിച്ചകൾ, തൊഴിലുറപ്പ് പദ്ധതി, ഫണ്ട് വിതരണം എന്നിവയിലെ താരതമ്യം തുടങ്ങിയവ സി പി എമ്മിനു അനുകൂലമാകുമെന്നു അവർ പ്രതീക്ഷിക്കുന്നു. ഇതിനു മുമ്പ് ഒരു തവണ ബെള്ളൂർ സി പി എം ഒറ്റക്ക് ഭരിച്ചിരുന്നു. അന്നു നടത്തിയ വികസനം പാർട്ടിക്ക് അടുത്ത തിരഞ്ഞെടുപ്പിന് ഗുണം ചെയ്യുമെന്നും നേതാക്കൾ ചൂണ്ടിക്കാട്ടുന്നു.

വർഷങ്ങളോളം ബെള്ളൂരിൽ ഭരണം നടത്തിയിരുന്ന യു ഡി എഫിന് നിലവിൽ സീറ്റുകളില്ല. പാർട്ടി ശക്തി കേന്ദ്രങ്ങളായിരുന്ന 7, 13 വാർഡുകൾ കഴിഞ്ഞ തവണ നിസ്സാര വോട്ടിന്റെ ഭൂരിപക്ഷത്തിൽ സി പി എം പിടിച്ചെടുത്തിരുന്നു. പല വാർഡുകളിലും കോൺഗ്രസിന് ശക്തമായ അടിത്തറയുണ്ടെങ്കിലും അത് വോട്ടാക്കി മാറ്റാനും സീറ്റ് നേടാനും കഴിഞ്ഞിട്ടില്ല. മുസ്ലീം ലീഗ് ശക്തി കേന്ദ്രങ്ങളിലും വോട്ട് ചോർച്ചയുണ്ടായിരുന്നു. ഇത്തവണ 5 സീറ്റ് നേടുമെന്നു കോൺഗ്രസ് നേതാക്കൾ പറയുന്നു. പാർട്ടിയുടെ പഴയ പ്രതാപം വീണ്ടെടുക്കാനുള്ള പ്രവർത്തനം ആരംഭിച്ചതായും അവർ പറയുന്നു. അതിർത്തി പഞ്ചായത്തായ ബെള്ളൂരിന്റെ ഒരു ഭാഗത്ത് കർണ്ണാടകയും മറു ഭാഗത്ത് കാറഡുക്ക, കുംബഡാജെ, എൻമകജെ പഞ്ചായത്തുകളുമാണ്. സ്വന്തമായി തനത് ഫണ്ട് ഇല്ലാത്ത സംസ്ഥാനത്തെ അപൂർവ്വം പഞ്ചായത്തുകളിലൊന്നാണ് ബെള്ളൂർ. ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ചെലവുകൾക്കുംവരെ സർക്കാരിനെ തന്നെ ആശ്രയിക്കണം. വലിയ ടൗൺ ഇല്ലാത്ത സർക്കാർ ഓഫീസുകൾ കുറവുള്ള ബെള്ളൂരിനു സ്വന്തം വരുമാനമുണ്ടാക്കാൻ ഇതുവരെ ഭരിച്ച ഒരു പാർട്ടിയും മുന്നണിയും ശ്രമിച്ചിട്ടില്ലെന്നത് ഇവിടെ എടുത്തുകാട്ടാവുന്ന സവിശേഷതയാണ്.

## ചെമ്പിരിക്ക സ്വദേശി ഗൾഫിൽ കുഴഞ്ഞു വീണു മരിച്ചു

മേൽപറമ്പ്: ചെമ്പിരിക്കയിലെ ചന്ദ്രശേഖരൻ (60) ഗൾഫിൽ മരണപ്പെട്ടു. ജോലി സ്ഥലത്ത് ഒരാഴ്ച മുമ്പ് കുഴഞ്ഞു വീണതിനെ തുടർന്ന് ചികിത്സയിലായിരുന്നു. ഭാര്യ: ഉഷ(ധർമ്മശാല). മക്കൾ: മഞ്ജുള(ബാങ്ക് ഉദ്യോഗസ്ഥ കണ്ണൂർ), മനീഷ് (വിദ്യാർത്ഥി). സഹോദരങ്ങൾ: മാധവി, ശാന്തകുമാരി, ചന്ദ്രിക, ബാലകൃഷ്ണൻ.